# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ് -പഞ്ചായത്ത് വകുപ്പ്- ജീവനക്കാര്യം - കണ്ണൂർ ജില്ലയിലെ നടുവിൽ ഗ്രാമ പഞ്ചായത്തിലെ ഹെഡ് ക്ലാർക്ക് ശ്രീമതി പി.പി ലീലയുടെ ചികിത്സയ്ക്ക് നേരിട്ട ചെലവ് - മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

## തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

**സ.ഉ.(സാധാ)നം.2009/2013/ത.സ്വ.ഭ.വ** **തീയതി, തിരുവനന്തപുരം,31/07/2013.**

---

പരാമർശം:- 1) ശ്രീമതി പി.പി ലീലയുടെ 07/06/2011 ലെ അപേക്ഷ.

2) പഞ്ചായത്ത് ഡയറക്ടറുടെ 15/10/2012 ലെ എഫ്2-36607/12 നമ്പർ കത്ത്

## ഉത്തരവ്

കണ്ണൂർ ജില്ലയിലെ നടുവിൽ ഗ്രാമപഞ്ചായത്തിലെ ഹെഡ് ക്ലാർക്ക് ശ്രീമതി പി.പി ലീലയുടെ ചികിത്സയ്ക്ക് തലശ്ശേരിയിലുള്ള മലബാർ ക്യാൻസർ സെന്റർ എന്ന ആശുപത്രിയിൽവച്ച് 'കാഴ്സിനോമ റൈറ്റ് ബ്രസ്റ്റ് 'എന്ന അസുഖത്തിന് ചികിത്സ നടത്തിയ ഇനത്തിൽ ചെലവു വന്ന തുക മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കുന്നതിന് പരാമർശം 1 പ്രകാരം അപേക്ഷിച്ചിട്ടുണ്ട്.

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപേക്ഷകയ്ക്ക് നേരിട്ട ചികിത്സാ ചെലവിൽ രൂപ 36208/- (രൂപ മുപ്പത്തിയാറായിരത്തി ഇരുനൂറ്റി എട്ട് മാത്രം) അനുവദനീയമാണെന്ന് പരാമർശം 2 പ്രകാരം പഞ്ചായത്ത് ഡയറക്ടർ അറിയച്ചിട്ടുണ്ട്.

ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ചു. കണ്ണൂർ ജില്ലയിലെ നടുവിൽ ഗ്രാമപഞ്ചായത്തിലെ ഹെഡ് ക്ലാർക്ക് ശ്രീമതി പി.പി ലീലയ്ക്ക് തലശ്ശേരിയിലുള്ള മലബാർ ക്യാൻസർ സെന്റർ എന്ന ആശുപത്രിയിൽവച്ച് 'കാഴ്സിനോമ റൈറ്റ് ബ്രസ്റ്റ്' എന്ന അസുഖത്തിന് ചികിത്സ നടത്തിയ ഇനത്തിൽ ചെലവുവന്ന രൂപ 36208/ (രൂപ മുപ്പത്തിയാറായിരത്തി ഇരുനൂറ്റി എട്ട് മാത്രം) മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കാവുന്നതാണെന്ന് കാണുന്നു.

മേൽ സാഹചര്യത്തിൽ പ്രസ്തുത ചികിത്സയുമായി ബന്ധപ്പെട്ട മെഡിക്കൽ ബില്ലുകളുടെ വാസ്തവികത, അർഹത, കൃത്യത എന്നിവ ഉറപ്പു വരുത്തി ശ്രീമതി. പി.പി ലീലയ്ക്ക് നേരിട്ട ചികിത്സയ്ക്ക് ചെലവ് രൂപ 36208/- (രൂപ മുപ്പത്തിയാറായിരത്തി ഇരുനൂറ്റി എട്ട് മാത്രം) നടുവിൽ ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും വിനിയോഗം ചെയ്ത് അപേക്ഷകയ്ക്ക് മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കുന്നതിന് കണ്ണൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**സെൽവരാജൻ.എൽ**

ഗവ.അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (LB&A) തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.(മെഡിക്കൽ ബില്ലുകൾ സഹിതം)
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം;
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ
ശ്രീമതി. പി.പി. ലീല, ഹെഡ് ക്ലാർക്ക്, നടുവിൽ ഗ്രാമ പഞ്ചായത്ത്, കണ്ണൂർ (നടുവിൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ (IKM) (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ധന കാര്യ വകുപ്പ്(05/06/2013ലെ 44611/WW 3/13/ഫിൻ) പ്രകാരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ